**Deshabhimani**
**13 August 2018**
**Kodamanghalam, Manikandanchal, Flood, Heavy Rain**

# മണികണ്ഠൻചാൽ ഒറ്റപ്പെട്ടുതന്നെ: എംഎൽഎ വനാതിർത്തിയിൽ കുടുങ്ങി

**കോതമംഗലം**

വെള്ളമിറങ്ങിയിട്ടും കോതമംഗലത്തെ മണികണ്ഠൻചാൽ പ്രദേശത്തുകാരുടെ ദുരിതം ഒഴിയുന്നില്ല. മൂന്നുമാസത്തിനിടെ പലപ്പോഴായി ഒരു മാസത്തോളം പ്രദേശം വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ടു. കഴിഞ്ഞദിവസം മുപ്പതോളം വീടുകളാണ് വെള്ളത്തിനടിയിലായത്. മഴയുടെ ശക്തി കുറഞ്ഞതോടെ വീടുകളിൽനിന്ന് വെള്ളമിറങ്ങിയെങ്കിലും ചളിയും മാലിന്യങ്ങളും നിറഞ്ഞിരിക്കുകയാണ്. വീടുകൾ വൃത്തിയാക്കാൻ ദിവസങ്ങൾ വേണ്ടിവരും. സ്ഥലം സന്ദർശിക്കാനെത്തിയ ആന്റണി ജോൺ എംഎൽഎയും മാധ്യമപ്രവർത്തകരുമുൾപ്പെടെ മണികണ്ഠൻചാൽ ചപ്പാത്തിൽ വെള്ളമുയർന്നതിനെത്തുടർന്ന് മണിക്കൂറുകൾ വനാതിർത്തിയിൽ കുടുങ്ങി. മണികണ്ഠൻചാലിലും വെള്ളാരംകുത്ത് ആദിവാസി ക്കോളനിയിലും കുട്ടമ്പുഴ സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ മൂന്നു ടൺ അരി വിതരണംചെയ്തു. ഇതിന്റെ ഉദ്ഘാടനത്തിനും പ്രദേശത്തെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുമെത്തിയതാണ് ആന്റണി ജോൺ എംഎൽഎ. പൂയംകുട്ടിയിൽനിന്ന് ജീപ്പിലാണ് എംഎൽഎയും സംഘവും മണികണ്ഠൻചാൽ ചപ്പാത്ത് കടന്നത്. ഈ സമയം ചപ്പാത്തിൽ വെള്ളം കുറവായിരുന്നു. ചടങ്ങുകഴിഞ്ഞ് തിരികെവന്നപ്പോഴാണ് മലവെള്ളം ഒഴുകിയെത്തിയത്. തുടർന്ന് നടന്നാണ് മറുകര കടന്നത്.

യോഗത്തിൽ ബാങ്ക് പ്രസിഡന്റ് കെ കെ ശിവൻ, കുട്ടമ്പുഴ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ബിജു, ബാങ്ക് സെക്രട്ടറി ബെന്നി ദാനിയേൽ എന്നിവർ സംസാരിച്ചു.



ആന്റണി ജോൺ എംഎൽഎ ചപ്പാത്ത് മുറിച്ചുകടക്കാൻ ഒപ്പമുണ്ടായിരുന്നവരെ സഹായിക്കുന്നു